# (ii) നമസ്കാരം

സ്വലാത് എന്ന സാങ്കേതിക ശബ്ദത്തിന്റെ തർജമഃയായി ഉപയോഗിക്കപ്പെടുന്ന പദമാണ് നമസ്കാരം. ഇസ്‌ലാമിലെ ഏറ്റവും പ്രധാനവും നിർബന്ധവുമായ കർമമാണ് നമസ്കാരം. ശരീരംകൊണ്ട് നിർവഹിക്കപ്പെടുന്ന ഏറ്റവും ശ്രേഷ്ഠമായ ആരാധന എന്നാണത് വിശേഷിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇസ്‌ലാമിനെയും കുഫ്റി(സത്യനിഷേധം)നെയും തമ്മിൽ വേർതിരിക്കുന്ന അടയാളമാണ് നമസ്കാരമെന്ന് നബി പ്രസ്താവിച്ചിട്ടുണ്ട്. അശ്രദ്ധ കൊണ്ടോ മനഃപൂർവമായോ നമസ്കാരം ഉപേക്ഷിക്കുന്നത് കുറ്റകരമാണ്. നമസ്കാരം അനാവശ്യമാണെന്ന് നിശ്ചയിച്ച് അതുപേക്ഷിക്കുന്നവൻ ഇസ്‌ലാമിൽനിന്നു ബഹിഷ്കൃതനാകുമെന്നാണ് പണ്ഡിതമതം.

നമസ്കാരം സമയബന്ധിതമായ ആരാധനയാണ്. അത് അതിന്റെ സമയത്തുതന്നെ നിർവഹിച്ചിരിക്കണം.

നിർബന്ധ നമസ്കാരം അഞ്ചു നേരമാണ്. സ്വുബ്ഹ് (പ്രഭാത നമസ്കാരം), ളുഹ്ർ (മധ്യാഹ്ന നമസ്കാരം), അസ്വ്ർ (ഉത്തരാഹ്ന നമസ്കാരം), മഗ്‌രിബ് (സന്ധ്യാനമസ്കാരം), ഇശാ (നിശാനമസ്കാരം). മുഖവും കൈകാലുകളും കഴുകി ശിരസ്സും ചെവിയും വെള്ളം തൊട്ടുതടവി അംഗശുദ്ധി (വുദൂ) വരുത്തിയ ശേഷമാണ് നമസ്കാരം നിർവഹിക്കേണ്ടത്. വുദൂ ചെയ്യാൻ തടസ്സമുള്ളവർ അംഗശുദ്ധി പ്രതീകാത്മകമായി ചെയ്താൽ മതിയാകും. വൃത്തിയുള്ള ഏതെങ്കിലും പ്രതലത്തിൽ കൈപ്പത്തി അടിച്ച ശേഷം അവകൊണ്ട് മുഖവും കൈകളും തടവുകയാണത്. ഈ കർമത്തിന് തയമ്മും എന്നു പറയുന്നു. ശുദ്ധിയാക്കിയ ശരീരത്തിൽ ശുദ്ധിയുള്ള വസ്ത്രമണിഞ്ഞ് ശുദ്ധിയുള്ള സ്ഥലത്തുവെച്ചുവേണം നമസ്കാരം നിർവഹിക്കാൻ.

നമസ്കാരം ഒരു സാമൂഹിക അനുഷ്ഠാനമാണ്. പള്ളിയിൽവച്ച് സംഘടിതമായിട്ടാണത് നിർവഹിക്കേണ്ടത്. പള്ളിയിൽ ഹാജരാകാൻ തടസ്സമുള്ളവർക്ക് വീട്ടിലോ തൊഴിൽ സ്ഥലത്തോ വഴിയിലോ തങ്ങൾ എവിടെയാണോ ഉള്ളത് അവിടെവച്ച് നമസ്കരിക്കുന്നതിൽ തെറ്റില്ല.

ഓരോ നമസ്കാരത്തിന്റെയും സമയമായാൽ പള്ളിയിൽനിന്ന് ഒരാൾ അത് വിളിച്ചറിയിക്കുന്നു. ഈ അറിയിപ്പ് അദാൻ (ബാങ്ക്) എന്നാണ് അറിയപ്പെടുന്നത്; വിളിച്ചറിയിക്കാൻ നിയുക്തനാകുന്ന ആൾ മുഅദ്ദിൻ എന്നും.

നമസ്കാരം ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി ഇഖാമത് എന്ന പേരിൽ വീണ്ടും ഒരറിയിപ്പുണ്ടാകുന്നു. തുടർന്ന് ഇമാം നമസ്കാരത്തിന് നേതൃത്വം നല്കുന്നു. കഅ്ബഃയെ അഭിമുഖീകരിച്ചുകൊണ്ടാണ് ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ നമസ്കരിക്കേണ്ടത്. നമസ്കാരത്തിൽ അഭിമുഖീകരിക്കുന്ന ദിശയെ ഖിബ്‌ലഃ എന്നു പറയുന്നു.

നിർബന്ധ നമസ്കാരങ്ങൾ സാങ്കേതികമായി ഫർദ് നമസ്കാരം എന്നാണറിയപ്പെടുന്നത്. ഫർദു നമസ്കാരത്തിനു പുറമേ ധാരാളം ഐച്ഛിക (സുന്നത്) നമസ്കാരങ്ങളെയും പ്രവാചകൻ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

വെള്ളിയാഴ്ച ദിവസങ്ങളിൽ ളുഹ്ർ നമസ്കാരത്തിന്റെ സ്ഥാനത്ത് ജുമുഅഃയാണ് നടത്തുക. ജുമുഅഃ സ്ഥാപിക്കേണ്ടതും തദ്ദേശത്തെ എല്ലാ മുസ്‌ലിംകളും അതിൽ പങ്കെടുക്കേണ്ടതും സവിശേഷ ബാധ്യതയാണ്. ഒരു ഉദ്ബോധനവും രണ്ടു റക്അതു നമസ്കാരവുമാണ് ജുമുഅഃ. നമസ്കാരത്തിനു മുമ്പാണ് ഉദ്ബോധനം നടക്കേണ്ടത്. ഈ ഉദ്ബോധനത്തെ ഖുത്ബഃയെന്നും ഉദ്ബോധകനെ ഖത്വീബ് എന്നും പറയുന്നു.

വിശ്വാസിയുടെ മനസ്സും ശരീരവും സദാ ദൈവോന്മുഖമായിരിക്കുന്നതിനുള്ള ഉപാധിയാകുന്നു നമസ്കാരം. ദൈവത്തിനു മുന്നിൽ ചെന്നുനിന്ന് ചില ചലനങ്ങളിലൂടെ അവനോടുള്ള ദാസ്യവും വണക്കവും പ്രകടിപ്പിക്കുകയും അവനെ സ്തുതിക്കുകയും സന്മാർഗ ലബ്ധിക്കും ദുർമാർഗമുക്തിക്കുമായി പ്രാർഥിക്കുകയും ഒടുവിൽ തന്റെ ചുറ്റുമുള്ള ലോകത്തിനു ശാന്തി നേർന്നുകൊണ്ട് ആ പ്രാർഥനയിൽ നിന്നു വിരമിക്കുകയുമാണ് വിശ്വാസി ചെയ്യുന്നത്. ദിവസം അഞ്ചു പ്രാവശ്യം ഈ കർമം ആവർത്തിച്ചുകൊണ്ടിരിക്കുന്ന വിശ്വാസിയിൽ ദൈവബോധവും സന്മാർഗാഭിമുഖ്യവും സജീവമായി നിലനില്ക്കുന്നു. അത് അവരെ ദൈവത്തിനിഷ്ടമില്ലാത്തതിൽനിന്നെല്ലാം തടയുകയും ദൈവ പ്രീതിയുടെ മാർഗത്തിലേക്ക് ചരിപ്പിക്കുകയും ചെയ്യുന്നു. ഖുർആൻ പ്രസ്താവിച്ചു: "നമസ്കാരം നിലനിർത്തുക, നിശ്ചയം നമസ്കാരം ആഭാസങ്ങളെയും ദുർവൃത്തികളെയും വിലക്കുന്നു. ദൈവസ്മരണ ഏറ്റം മഹത്തരമാകുന്നു. നിങ്ങൾ പ്രവർത്തിക്കുന്നതൊക്കെയും അല്ലാഹു അറിയുന്നു" (29: 45). പ്രവാചകൻ നമസ്കാരത്തെ വർണിച്ചതിങ്ങനെയാണ്: "നിങ്ങളുടെ വീടിനരികിലൂടെ ഒരു തെളിനീരരുവി ഒഴുകിക്കൊണ്ടിരിക്കുന്നു. നിങ്ങൾ അഞ്ചുനേരം അതിലിറങ്ങി കുളിക്കുന്നുണ്ട്. എങ്കിൽ നിങ്ങളുടെ ശരീരത്തിൽ വല്ല മാലിന്യവുമുണ്ടായിരിക്കുമോ? അതുപോലെ സംശുദ്ധവും സംസ്കൃതവുമായിത്തീരുന്നു നമസ്കരിക്കുന്നവന്റെ മനസ്സ്."

മാനുഷികൈക്യത്തിന്റെയും സാമൂഹിക അച്ചടക്കത്തിന്റെയും പ്രായോഗിക പരിശീലനവും കൂടിയാണ് സംഘടിത നമസ്കാരം. രാജാവും പ്രജയും ഉള്ളവനും ഇല്ലാത്തവനും വെളുത്തവനും കറുത്തവനും പണ്ഡിതനും പാമരനും എല്ലാം ഒരേ അണിയിൽ തോളോട് തോൾ ചേർന്നുനിന്നുകൊണ്ട്, അല്ലാഹുവിന്റെ ദാസന്മാരെന്ന നിലയിൽ മനുഷ്യരെല്ലാം തുല്യരാണെന്ന ആശയം മൂർത്ത രൂപത്തിൽ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടാണത് നിർവഹിക്കപ്പെടുന്നത്. പള്ളിയിൽ ആദ്യമെത്തുന്നത് ഒരടിമയാണെങ്കിലും അയാൾ ഒന്നാം നിരയിലെ ഒന്നാമനാകുന്നു. അയാളുടെ ഉടമയെത്തുമ്പോൾ ആ നിരയിൽ സ്ഥലമുണ്ടെങ്കിൽ അയാൾക്കൊപ്പം

തോൾ ചേർന്നു നില്ക്കണം. ഇല്ലെങ്കിൽ അയാൾ തന്റെ അടിമയുടെ പിന്നണിയിൽ നിലകൊള്ളണം. എല്ലാ ഉച്ചനീചത്വങ്ങളും തിരസ്കരിക്കപ്പെടുന്ന ഇടമാണ് മസ്ജിദ് (പള്ളി). അല്ലാഹുവിന്റെ മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്ന സ്ഥലം എന്നാണ് മസ്ജിദ് എന്ന പദത്തിന്റെ ഭാഷാർഥം.

വിശ്വാസികൾക്ക് അവരുടെ ചുറ്റുവട്ടത്തുള്ള സഹവിശ്വാസികളെ ദിവസം അഞ്ചുവട്ടം കണ്ടുമുട്ടാൻ അവസരമൊരുക്കുന്നുവെന്നതാണ് സംഘടിത നമസ്കാരത്തിന്റെ മറ്റൊരു സാമൂഹികമാനം. ഏതെങ്കിലും ഭൗതിക താൽപര്യങ്ങളല്ല ഈ ഒത്തുചേരലിന്റെയും കണ്ടുമുട്ടലിന്റെയും പ്രേരകം. അതുകൊണ്ടുതന്നെ അത് നിഷ്കളങ്കമാണ്. അതവരിൽ പരസ്പരം പരിചയവും ധാരണയും സൗഹൃദവും വളർത്തുന്നു.

ഒരേ നേതാവിന്റെ പിന്നിൽ അണിനിരക്കുക, അദ്ദേഹത്തിന്റെ അനക്കങ്ങളെയും അടക്കങ്ങളെയും കണിശമായി പിന്തുടരുക, നമസ്കാരത്തിന്റെ നിയമങ്ങൾ കൃത്യമായി പാലിക്കുക ഇതൊക്കെ വിശ്വാസികളെ അച്ചടക്കത്തിന്റെ പാഠങ്ങൾ ശീലിപ്പിക്കുന്നു. വ്യഷ്ടിഗതമായും സമഷ്ടിഗതമായും ദൈവത്തിന്റെ വിധിവിലക്കുകൾ അനുസരിച്ച് ജീവിതം നയിക്കുന്നതിനുള്ള പരിശീലനവുമാണത്.

നമസ്കാരത്തിന്റെ ഉദ്ദിഷ്ട ഫലങ്ങൾ ഉളവാക്കുന്നതിന് അത് ഭയഭക്തിയോടെയും ജാഗ്രതയോടെയും നിർവഹിക്കപ്പെടേണ്ടതുണ്ടെന്ന് വിശുദ്ധ ഖുർആൻ പ്രത്യേകം ഉണർത്തിയിട്ടുണ്ട്.

"അന്ത്യവിചാരണയെ തള്ളിപ്പറയുന്നവനെ നീ കണ്ടുവോ? അനാഥരെ ആട്ടിയകറ്റുന്നവനും അഗതികൾക്ക് അന്നം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമത്രെ അവൻ. എന്നാൽ തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരാകുന്ന നമസ്കാരക്കാർക്കു നാശമാണുള്ളത്. അവർ ആളുകളെ കാണിക്കുക മാത്രമാകുന്നു. നിസ്സാരമായ ഉപകാരങ്ങൾപോലും അവർ വിലക്കുന്നു"(107: 1-7). യഥാർഥ നമസ്കാരത്തിൽ നിന്നുളവാകേണ്ടത് പരലോക വിചാരവും സമത്വഭാവനയും സാഹോദര്യ വികാരവും പരോപകാര താൽപര്യവുമാണെന്നും അതുളവാക്കാത്ത നമസ്കാരം കേവലം ജാടയാണെന്നുമാണ് ഈ സൂക്തങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.